കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തിരുവനന്തപുരം ജില്ല കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് തോട് പുറമ്പോക്ക് കേരള വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം . 3322/2012/തസ്വഭവ    തീയതി, തിരുവനന്തപുരം 1-12-2012

---

പരാമർശം-1) പഞ്ചായത്ത് ഡയറക്ടറുടെ 29/6/2012 ലെ സി 2-17934/12 നമ്പർ കത്ത്

2) കോട്ടുകാൽ ഗ്രാമ പഞ്ചായത്തിന്റെ 23/08/2012 ലെ III (14)നമ്പർ തീരുമാനം

3) കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28/09/2012 ലെ എ 2- 8175/12 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമ പഞ്ചായത്തിലെ അടിമലത്തുറ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്ന് കേരള വാട്ടർ അതോറിറ്റി മുഖേനെ നടപ്പിലാക്കുന്ന 2.5 കോടി രൂപ ചെലവ് വരുന്ന ശുദ്ധജല പദ്ധതിക്കാവശ്യമായ കിണർ കുഴിക്കുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കുമായി കോട്ടുകാൽ പഞ്ചായത്തിൽ നിക്ഷിപ്തമായ റി.സ 252/1 ൽപ്പെട്ട 10 സെന്റ് തോട് പുറമ്പോക്ക് കേരള വാട്ടർ അതോറിറ്റിക്ക് 99 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് പരാമർശം (2)പ്രകാരം തീരുമാനിച്ച് പരാമർശം (3)പ്രകാരം സർക്കാരനുമതിക്ക് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടുകാൽ ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ റി.സ 252/1 ൽപ്പെട്ട 10 സെന്റ് തോട് പുറമ്പോക്ക് ടി ശുദ്ധജല പദ്ധതിക്കാവശ്യമായ കിണർ കുഴിക്കുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കുമായി 2005 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള പാട്ട വ്യവസ്ഥകൾക്കും ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പാട്ടതുകക്കും അനുസൃതമായി കേരള വാട്ടർ അതോറിറ്റിക്ക് 99 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് കോട്ടുകാൽ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ എ.ജി(എൽബി/എ&എ) കേരള, തിരുവനന്തപുരം
5. മാനേജിംഗ് ഡയറക്ടർ,കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
6. ജില്ലാ കളക്ടർ, തിരുവനന്തപുരം
7. സെക്രട്ടറി,കോട്ടുകാൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
8. ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
9. റവന്യൂ (യു)വകുപ്പ്(6/11/2012 ലെ 61754/യു3/2012/റവന്യൂ പ്രകാരം)
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.